ദുർഗന്ധരഹിതവും ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചിട്ടുള്ളതായിരിക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. മാലിന്യം പുറമേ നിക്ഷേപിക്കാതെ, പ്ലാന്റിന്റെ വശങ്ങൾ അടച്ച് നിർമ്മാണം നടത്താനാണ് നിഷ്കർഷിച്ചിട്ടുള്ളത്. ആകയാൽ ദുർഗന്ധ പൂരിതമാകാനുള്ള സാദ്ധ്യത കുറവാണ്.

(ജി) പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ ആവശ്യകതയും ആയതിന്റെ പ്രത്യേകതകളും പൊതുജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ ശുചിത്വ മിഷൻ നടപടി സ്വീകരിച്ചു വരുന്നു.

മാലിന്യങ്ങളിൽനിന്ന് വൈദ്യുതി

74 (T6525) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഏതെങ്കിലും നഗരങ്ങളിൽ മാലിന്യങ്ങളിൽനിന്ന് വൈദ്യുതി ഉല്പാദിപ്പിക്കാൻ പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പദ്ധതിയുണ്ട്.

(ബി) തിരുവനന്തപുരത്ത് ചാലയിലും എറണാകുളത്ത് ബ്രഹ്മപുരത്തും പ്ലാന്റുകൾ സ്ഥാപിക്കാനാണ് ശുചിത്വ മിഷൻ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരത്ത് ചാലയിൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് കെ.എസ്.ഐ.ഡി.സി.-യെയും ബ്രഹ്മപുരത്ത് പ്ലാന്റ് സ്ഥാപിക്കുന്നതിലേക്ക് കൊച്ചി കോർപ്പറേഷനെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പദ്ധതി സഹകാര്യപങ്കാളിത്തത്തോടെ പി.പി.പി. അടിസ്ഥാനത്തിൽ നിർവ്വഹണം നടത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ടി പ്ലാന്റുകൾ പരിസ്ഥിതിക്കിണങ്ങിയതും ദുർഗന്ധരഹിതവും ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചിട്ടുള്ളതായിരിക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

അമ്പലപ്പുഴ മണ്ഡലത്തിൽ മലിനീകരണനിയന്ത്രണ ബോർഡിന്റെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

75 (6526) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശം നൽകുമോ ;

(ബി) അംഗീകാരം നൽകാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയ്ക്കെതിരെ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ;

(സി) അമ്പലപ്പുഴ മണ്ഡലത്തിൽ മലിനീകരണനിയന്ത്രണ ബോർഡിന്റെ അനുമതിയോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശം നൽകുമോ ?

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളുടെ വിശദാംശം അനുബന്ധം 1 (Annexure 1) ആയി ചേർക്കുന്നു.*

(ബി) അനുബന്ധം 1-ൽ സൂചിപ്പിച്ചിട്ടുള്ള ചെറുകിട സ്ഥാപനങ്ങളിലെ മലിനജലം കാപ്പിത്തോട്ടിലേക്കാണ് ഒഴുക്കുന്നത്. ടി യൂണിറ്റുകളിൽ മാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിച്ചിട്ടില്ല. ഇവ അടച്ചുപൂട്ടുന്നതിനുപകരം സർക്കാർ സഹായത്തോടെ ഒരു പൊതുമലിനജല ശുദ്ധീകരണ പ്ലാന്റ് നിർമ്മിക്കണമെന്ന പൊതുഅഭിപ്രായം കണക്കിലെടുത്ത് ബോർഡ് ഇവർക്കെതിരെ അടച്ചുപൂട്ടൽ നടപടി സ്വീകരിച്ചിട്ടില്ല. ടി സ്ഥാപനങ്ങളിൽനിന്നുള്ള മലിനജലം സംസ്ക്കരിക്കുന്നതിന് മലിനജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ലഭിച്ച എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് പരിശോധിക്കുന്നതിനായി ഒരു ടെക്നിക്കൽ കമ്മിറ്റി ബോർഡ് രൂപീകരിച്ചിട്ടുണ്ട്. അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ കാപ്പിത്തോടിന്റെ പുനരുദ്ധാരണപ്രവൃത്തികൾ സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 3-3-2014-ന് നടന്ന യോഗത്തിൽ ശരിയാംവിധമുള്ള മലിനജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കണമെന്ന നിബന്ധനയോടുകൂടിയേ ഇനിമേൽ പീലിംഗ് ഷെഡ്ഡുകൾക്ക് ലൈസൻസ് കൊടുക്കുകയുള്ളുവെന്നും നിലവിലുള്ള പീലിംഗ് ഷെഡ് ഉടമകൾ മലിനീകരണനിയന്ത്രണ ബോർഡ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് പ്രകാരമുള്ള ട്രീറ്റ്മെന്റ് പ്ലാന്റിന്റെ 1/3 തുക നോട്ടീസ് കൈപ്പറ്റി 1 മാസത്തിനകം അടയ്ക്കണമെന്നും ബാക്കി പെലവ് മലിനീകരണനിയന്ത്രണ ബോർഡ് വഹിക്കുന്നതാണെന്നും തീരുമാനമായിട്ടുണ്ട്.

(സി) വിശദാംശം അനുബന്ധം 2 (Annexure 2) ആയി ചേർക്കുന്നു.*

ഇ-വേസ്റ്റ് മാനേജ്മെന്റ്

76 (T6527) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇ-മാലിന്യങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഇ-വേസ്റ്റ് മാനേജ്മെന്റ് സംബന്ധിച്ചുള്ള നിലപാട് വ്യക്തമാക്കുമോ ;

(സി) ഇ-വേസ്റ്റ് മാനേജ്മെന്റ് സംബന്ധിച്ച് പരിഗണനയിലുള്ള പദ്ധതികളും നിർദ്ദേശങ്ങളും അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കേന്ദ്രസർക്കാർ 2011-ൽ വിജ്ഞാപനം ചെയ്ത ഇ-വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡ്ലിംഗ്) ചട്ടങ്ങൾ, 2011 പ്രകാരം എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റിയുടെ അടിസ്ഥാനത്തിൽ ഇ-മാലിന്യം (ഇലക്ട്രിക്/ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉൽപ്പാദനത്തിലും അവയുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly